# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5554      27.03.2018-ൽ മറുപടിയ്ക്ക്.

## ചിറ്റൂർ എം.എൽ.എ. യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.കെ. കൃഷ്ണൻകുട്ടി | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | 2013 മുതൽ ചിറ്റൂർ എം.എൽ.എ. യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; | (എ) | 2014-15 സാമ്പത്തിക വർഷത്തിൽ MLA-ADS ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല. 2015-16 വർഷത്തിൽ 11 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. 2016-17 വർഷത്തിൽ മൂന്ന് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. 2017-18 വർഷത്തിൽ പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ല. |
| (ബി) | ഇവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും നിലവിൽ നടത്തിപ്പിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അത് പരിഹരിക്കാൻ എന്താണ് ചെയ്യുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | 2015-16 വർഷത്തിൽ ഏറ്റെടുത്ത 11 പ്രവൃത്തികളിൽ 3 പ്രവൃത്തികൾ പൂർത്തിയാക്കി. 5 പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. 4 പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഒരു റോഡ് പ്രവൃത്തിയുടെ ടെണ്ടർ ലഭ്യമായിട്ടുണ്ടെങ്കിലും KLU അനുമതി ലഭ്യമല്ലാത്തതിനാൽ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. 2016-17 വർഷത്തിലെ 3 പ്രവൃത്തികളിൽ ഒരു പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ഒരു പ്രവൃത്തിയ്ക്ക് ടെണ്ടർ നടപടി ആയിട്ടുണ്ട്. പടിഞ്ഞാറേത്തറ-രാരം റോഡ് വാർഡ് 3 എന്ന പ്രവൃത്തിക്ക് KLU ലഭിക്കാത്തതാണ് |

| | | | |
|---|---|---|---|
| | | | തടസ്സമായിട്ടുള്ളത്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | 2016 ന് ശേഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; ഇനിയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അത് ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (സി) | 2016-17 ന് ശേഷം 3 പ്രവൃത്തികൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളത് അതിൽ ഒരു പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. മറ്റ് പ്രവൃത്തിക്ക് ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഗവ. വിക്ടോറിയാ സ്കൂളിന് ചുറ്റുമതിൽ നിർമ്മാണം (25 ലക്ഷം രൂപ) എന്ന പ്രവൃത്തിക്കാണ് ടെണ്ടർ നടപടികൾ പൂർത്തീകരിക്കാത്തത്. |
| (ഡി) | മറ്റ് ഏജൻസികൾ ഏറ്റെടുത്ത വർക്കുകൾ തദ്ദേശ സ്വയംഭരണ വകുപ്പ് മേൽനോട്ടം വഹിക്കുന്നുവെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ